## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

25.6.2013 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3692

## ആർ.ടി.ഓഫീസുകൾ അഴിമതി വിമുക്തമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എ.റ്റി.ജോർജ്: | ഉത്തരം<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
|---|---|
| ആർ.ടി.ഓഫീസുകൾ അഴിമതി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ? | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ അഴിമതി വിമുക്തമാക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നിരവധി പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു. ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിന് വേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ് തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ